**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3839** | **11/11/2019-ൽ മറുപടിയ്ക്ക്**

## സർക്കാർ ആശുപത്രികളിലെ ശൗചാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീമതി ഇ.എസ്.ബിജിമോൾ**

എ) സർക്കാർ ആശുപത്രികളിലെ ശൗചാലയങ്ങളുടെയും ശുചിമുറികളുടെയും ശോചനീയാവസ്ഥയും എണ്ണത്തിലുള്ള കുറവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണസാമഗ്രികളുടെ ഗുണനിലവാരവും നിർമ്മാണ-പ്രവൃത്തിയുടെ മേന്മയും ഉറപ്പുവരുത്തി ശൗചാലയങ്ങളും ശുചിമുറികളും നിർമ്മിക്കുന്നതിനും ഇത് യഥാക്രമം ശുചീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ശൗചാലയങ്ങളും ശുചിമുറികളും ലഭ്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുന്ന പ്രവർത്തികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങളിലും ശൗചാലയങ്ങളുടെയും കുളിമുറികളുടെയും കാര്യത്തിൽ നല്ല പ്രാധാന്യം നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**